**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4362** **18-07-2022 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർഫെഡ് ജീവനക്കാരുടെ വേതന പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർഫെഡ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുമോ; വ്യക്തമാക്കുമോ; | (എ) | 12.07.2018-ലെ സ.ഉ.(കൈ)നം.27/2018/സഹ ഉത്തരവ് പ്രകാരം കൺസ്യൂമർഫെഡിലെ ജീവനക്കാർക്ക് 01.11.2016 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ഒരു പ്രൊമോഷൻ പോളിസി നടപ്പിലാക്കുമോ; തൊഴിലാളികളുടെ സ്ഥലംമാറ്റത്തിന് മാനദണ്ഡം നടപ്പിലാക്കുമോ; വ്യക്തമാക്കാമോ; | (ബി) | 19.08.2009-ലെസ.ഉ.(കൈ)നം.44/2009/ സഹ ഉത്തരവ് പ്രകാരം കൺസ്യൂമർ ഫെഡിൽ റിക്രൂട്ട്മെന്റ് റൂൾസ് നിലവിലുണ്ട്.<br><br>കൺസ്യൂമർഫെഡിൽ സ്ഥലം മാറ്റത്തിന് നിയതമായ മാനദണ്ഡം ചർച്ച ചെയ്ത് രൂപീകരിച്ചിട്ടില്ല. ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥാപനത്തിനെ മെച്ചപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയും പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>നീതി മെഡിക്കൽ സ്റ്റോറുകൾ വഴി മരുന്നുകളും മറ്റും ഉപഭോക്താക്കളുടെ വീട്ടുകളിൽ എത്തിച്ചു നൽകും വിധം "ഹോം ഡെലിവറി" സംവിധാനം നടപ്പിലാക്കുകയിട്ടുണ്ട്.<br><br>മദ്യയിനങ്ങൾ ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം fl.consumerfed.in എന്ന വെബ് സൈറ്റിലൂടെ കൺസ്യൂമർഫെഡിന്റെ മുഴുവൻ വിദേശമദ്യ ഷോപ്പുകളിലും ആരംഭിച്ചു. ഉപഭോക്താക്കൾക്ക് യഥേഷ്ടം മദ്യയിനങ്ങൾ തെരഞ്ഞെടുക്കുവാൻ കഴിയും വിധം സെൽഫ് സർവ്വീസ് കൗണ്ടറുകൾ മദ്യവിൽപ്പന ശാലകളിൽ സജ്ജമാക്കി.<br><br>എല്ലാവിധ നിത്യോപയോഗ സാധനങ്ങളും വിലക്കുറവിലും ഉണമേന്മ യിലും വിശ്വസ്തതയിലും |

ലഭിക്കുന്ന ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ നിന്ന് ഓൺലൈനായി സാധനങ്ങൾ ബുക്ക് ചെയ്തു വാങ്ങുവാൻ കഴിയുന്ന വിധത്തിൽ "ത്രിവേണി ആപ്പ്" ലോഞ്ചിംഗ് നടത്തി.

ഡിജിറ്റൽ പണമിടപാടുകളുടെ കാലത്ത് ക്യാഷ് ലെസ്സ് പർച്ചേസ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഔട്ട് ലെറ്റുകളിൽ ഗൂഗിൾപേ/ഫോൺപേ തുടങ്ങിയ യു.പി.ഐ. പണമിടപാട് സൗകര്യങ്ങൾ ലഭ്യമാക്കി.

കനത്ത നഷ്ട സാധ്യതയുള്ള ത്രിവേണികളും ഇതര ബിസിനസ് യൂണിറ്റുകളും വ്യാപാര സാധ്യതയുള്ള മേഖലകളിലേക്ക് മാറ്റി സ്ഥാപിക്കുന്ന തിന്റെയും ഗ്രാമാന്തരങ്ങളിലേക്ക് ത്രിവേണികളുടെ സേവനം വിപുലീകരി ക്കുന്നതിന്റെയും ഭാഗമായി 5 ത്രിവേണി സൂപ്പർമാർക്കറ്റുകൾ, 2 നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ പുതുതായി പ്രവർത്തനം ആരംഭിച്ചു.

സഹകരണ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഔട്ടലെറ്റുകളിൽ സഹകാരി കോർണർ കൂടി ത്രിവേണികളിൽ ആരംഭിച്ചു. ദിനേശ് ഫുഡ്സ്, റെയ്ഡ്കോ, മാർക്കറ്റ്ഫെഡ്, സുഭിക്ഷ, മിൽമ, അമൂൽ, നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ്, ത്രിവേണി ഉൽപ്പന്നങ്ങൾ തുടങ്ങിയ വിവിധ സഹകരണ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ സഹകാരി കോർണറിൽ ലഭ്യമാക്കി വരുന്നു.

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ കാലയളവിൽ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിലും ഗുണമേന്മയിലും വീടുകളിലേക്കെത്തിക്കുന്ന ഓൺലൈൻ വ്യാപാരം എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ തുടക്കം കുറിച്ചു. www.consumerfed.online എന്ന വെബ് സൈറ്റിൽ ലോഗിൻ ചെയ്ത് ഉപഭോക്താക്കൾക്ക് സാധനങ്ങൾ ഓർഡർ ചെയ്യാവുന്നതാണ്. സ്വന്തമായ വെബ്ഡൊമൈനിൽ വ്യാപാരം നടത്തുന്ന കേരളത്തിലെ ആദ്യത്തെ പൊതുവിതരണ സംവിധാനമായി കൺസ്യൂമർഫെഡ് മാറി.

കാസർഗോഡ് ജില്ലയിലെ അതിർത്തി ഗ്രാമങ്ങളിൽ ഉണ്ടായ അവശ്യ സാധനങ്ങളുടെ ക്ഷാമം പരിഹരിക്കുന്ന തിനായി 10 സഹകരണ സ്റ്റോറുകൾ

| | | | |
|---|---|---|---|
| | | | കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി.<br><br>കോവിഡ് കാലത്ത് കേരളമാകെ ആവശ്യം വന്ന പൾസ് ഓക്സിമീറ്ററിന് വൻ ഡിമാന്റ് ആയിരുന്നു. വിപണിയിലെ അന്യായവില മനസ്സിലാക്കിയ കൺസ്യൂമർ ഫെഡ് സന്ദർഭോചിതമായി ഇടപെട്ട് നേരിട്ട് പൾസ് ഓക്സിമീറ്ററുകൾ ശേഖരിച്ച് കുറഞ്ഞ വിലയ്ക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ വഴി വിൽപ്പന നടത്തി.<br><br>തിരുവനന്തപുരത്ത് ക്വാറന്റീനിലുള്ള ജനങ്ങൾക്ക് സാധനങ്ങൾ നേരിട്ട് വീടുകളിൽ എത്തിച്ചതുൾപ്പെടെയുള്ള കോവിഡ് കാല പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന്റേയും മുഖ്യധാരാ മാധ്യമ ങ്ങളുടേയും പ്രശംസ നേടുകയുണ്ടായി. ഈ പ്രവർത്തനങ്ങൾ വിലയിരുത്തി സഹകരണ വകുപ്പിന്റെ പ്രത്യേക പുരസ്കാരം ലഭ്യമായി എന്നത് 2020-'21 ന്റെ പ്രത്യേകതയാണ്.<br><br>അക്കൗണ്ടിംഗ്, ഡാറ്റാവിശകലനം, മനുഷ്യവിഭവശേഷി വിനിയോഗം എന്നിവയൊക്കെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സമഗ്ര കമ്പ്യൂട്ടർ വൽകരണം ലക്ഷ്യമിട്ട് ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി രൂപകൽപന ചെയ്ത് സോഫ്റ്റ് വെയർ നടപ്പാക്കുന്നതിനായി നടപടികൾ ആരംഭിച്ചു.<br><br>ഗുണനിലവാരവും വിലക്കുറവും കൃത്യമായ അളവിലും തൂക്കത്തിലും കൺസ്യൂമർഫെഡിന്റെ ഉൽപ്പന്ന ങ്ങളായി ത്രിവേണി ബ്രാൻഡിൽ ചായപ്പൊടി, വെളിച്ചെണ്ണ, ആട്ട, മൈദ, റവ എന്നിവ വിപണിയിലിറക്കി. കൂടാതെ സ്പൈസസ് പൗഡർ, ബ്രോക്കൺ വീറ്റ് എന്നിവയും ത്രിവേണി ബ്രാൻഡിൽ വിൽപ്പനയ്ക്ക് സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേന 100 നീതി മെഡിക്കൽ സ്റ്റോറുകൾ പുതുതായി ആരംഭിച്ച് 300 ഓളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ